# സമഗ്രശിക്ഷാ, കേരളം

## വാർഷിക മൂല്യനിർണയം 2024 – 25

## സാമൂഹ്യശാസ്ത്രം

ക്ലാസ് : IX

സമയം : 2 ½ മണിക്കൂർ
ആകെ സ്കോർ : 80

**നിർദേശങ്ങൾ**


- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(5 x 1 = 5)**

1. ചുവടെ നൽകിയിട്ടുള്ളവയിൽ ഖാരിഫ് വിള അല്ലാത്തത് ഏത്?

   A) നെല്ല് B) പരുത്തി
   C) ചണം D) ഗോതമ്പ്

2. ചിത്രത്തിലെ ഭൂരൂപം ഏതെന്ന് തിരിച്ചറിയുക.



   A) ബർക്കൻസ് B) കൂൺശിലകൾ
   C) സീഫുകൾ D) മണൽമേടുകൾ

3. പതിനാറ് മഹാജനപദങ്ങളെപ്പറ്റി പരാമർശിക്കുന്ന ബുദ്ധകൃതി ഏത്?

   A) ശതപഥബ്രാഹ്മണ B) അർഥശാസ്ത്രം
   C) ദിഘനികായ D) അംഗുത്തരനികായ

4. കോറമാന്റൽ തീരത്തെ പ്രധാന തടാകമേത്?

   A) കൊല്ലേരു തടാകം B) ചിൽക്ക തടാകം
   C) പുലിക്കാട്ട് തടാകം D) ദാൽ തടാകം

5. തഞ്ചാവൂരിലെ ബൃഹദീശ്വര ക്ഷേത്രം നിർമ്മിച്ച ചോള ഭരണാധികാരി ആര്?

   A) രാജരാജ ചോളൻ B) രാജേന്ദ്രചോളൻ
   C) മഹേന്ദ്രവർമൻ D) കുലോത്തുംഗചോളൻ

6 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. (8 x 3 = 24

ഓരോന്നിനും 3 സ്കോർ വീതം.


6. ചുവടെ നൽകിയിട്ടുള്ള സൂചനകളിൽ നിന്ന് ചുരങ്ങൾ തിരിച്ചറിഞ്ഞെഴുതുക.
   a) ജമ്മുപ്രദേശത്തെ കാശ്മീർ താഴ്‌വരയുമായി ബന്ധിപ്പിക്കുന്ന ചുരം.
   b) ഹിമാചൽപ്രദേശിനെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന ചുരം.
   c) കുളു താഴ്‌വരയെ ലാഹൂൽ, സ്പിതി എന്നീ താഴ്‌വരകളുമായി ബന്ധിപ്പിക്കുന്ന ചുരം.

7. ഉൽപാദനപ്രക്രിയയിൽ നിവേശങ്ങൾ എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? നിവേശങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

8. ലിംഗപദവിയും ലിംഗഭേദവും തമ്മിലുള്ള വ്യത്യാസം എഴുതുക.

9. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
   a) തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത് ആര്?
   b) അംഗങ്ങളുടെ ഔദ്യോഗിക കാലാവധി എത്ര?
   c) ഭരണഘടനയുടെ ഏത് അനുച്ഛേദപ്രകാരമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത്?


10. ഗ്രാഫ് നിരീക്ഷിച്ച് താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




   a) SS എന്ന് രേഖപ്പെടുത്തിയിട്ടുള്ള വക്രം എന്തിനെ സൂചിപ്പിക്കുന്നു?
   b) DD എന്ന് രേഖപ്പെടുത്തിയിട്ടുള്ള വക്രം എന്തിനെ സൂചിപ്പിക്കുന്നു?
   c) E എന്ന ബിന്ദുവിലെ സന്തുലിതവില എത്ര?

11. ഹരപ്പൻ സംസ്കാരത്തെ ഇന്ത്യാചരിത്രത്തിലെ 'ഒന്നാം നഗരവൽക്കരണം' എന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

12. ഇന്ത്യൻ പാർലമെന്റിന്റെ ചുമതലകളുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.



13. ചോളരാജ്യത്ത് കാർഷിക പുരോഗതിയ്ക്കായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

14. ലിംഗപദവിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

**15 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക.**

**ഓരോന്നിനും 4 സ്കോർ വീതം.** **(10 x 4 = 40)**

15. 'A' കോളത്തിന് അനുയോജ്യമായി 'B' കോളം ക്രമപ്പെടുത്തി എഴുതുക.


| A | B |
|---|---|
| ന്യായ | ബാദരായണ |
| വേദാന്ത | ജൈമിനി |
| സാംഖ്യ | ഗൗതമൻ |
| മീമാംസ | കപിലൻ |

16. ആരോഗ്യം എന്നതിന് ലോകാരോഗ്യസംഘടന നൽകുന്ന നിർവചനമെന്ത്? ആരോഗ്യക്ഷമത കുറയുന്നത് വ്യക്തിയെയും രാജ്യപുരോഗതിയെയും സ്വാധീനിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.

17. അസംഘടിത തൊഴിൽമേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

18. തൊഴിൽ, വിനോദസഞ്ചാരം എന്നിവയെ അടിസ്ഥാനമാക്കി ലക്ഷദ്വീപിലെ ജനജീവിതം വിശദമാക്കുക.

19. ഭൂപടത്തിൽ A, B, C, D എന്ന് അടയാളപ്പെടുത്തി നൽകിയിട്ടുള്ള തീരസമതലങ്ങളുടെ വിവിധ വിഭാഗങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക.



20. ഡിജിറ്റൽ മാർക്കറ്റിംഗ് എന്നാലെന്ത്? ഡിജിറ്റൽ മാർക്കറ്റിംഗിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക.

21. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ പ്രധാന ചുമതലകൾ പട്ടികപ്പെടുത്തുക.

22. ഥാർ മരുഭൂമിയിലെ ശൈത്യകാലത്തിന്റെ സവിശേഷതകൾ എഴുതുക.

23. ജനസാന്ദ്രത എന്നാലെന്ത്? ഉയർന്ന ജനസാന്ദ്രത സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.

24. സൽത്തനത്ത് കാലത്ത് കമ്പോളനിയന്ത്രണം നടപ്പിലാക്കിയ ഭരണാധികാരി ആര്? കമ്പോളനിയന്ത്രണത്തിന്റെ പ്രത്യേകതകൾ വ്യക്തമാക്കുക.

25. ലിംഗപദവി വാർപ്പുമാതൃകകളെ ബലപ്പെടുത്തുന്ന ഒരു ഘടകമാണ് ഭാഷ. പ്രസ്താവന സാധൂകരിക്കുക.

26. ഉപദ്വീപീയ പീഠഭൂമിയിലെ മിക്കവാറും പ്രദേശങ്ങളിൽ മഴ മിതമോ വിരളമോ ആണ്. മൺസൂൺ കാലങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്താവന സാധൂകരിക്കുക.

**27, 28 ചോദ്യങ്ങൾക്ക് നിർദേശാനുസരണം ഉത്തരമെഴുതുക.**

27. A) ഥാർ മരുഭൂമിയിലെ ജനജീവിതത്തെക്കുറിച്ച് വിവരിക്കുക. **(1 x 5 = 5)**

**അല്ലെങ്കിൽ**

B) ചുവടെ നൽകിയിരിക്കുന്ന തീരഭൂരൂപങ്ങൾ രൂപംകൊള്ളുന്നതെങ്ങനെയെന്ന് വിശദമാക്കുക.

- ക്ലിഫുകൾ
- സമുദ്രഗുഹകൾ
- സമുദ്രകമാനം
- സമുദ്രസ്തംഭങ്ങൾ
- ബീച്ചുകൾ

28. A) നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ദേശീയ വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുക. **(1 x 6 = 6)**

- ഘടന
- ചുമതലകൾ

**അല്ലെങ്കിൽ**

B) ഡൽഹിയിലെ സുൽത്താൻ ഭരണകാലത്ത് കാർഷികമേഖലയിലുണ്ടായ പുരോഗതി രാജ്യത്തിന്റെ സാമ്പത്തികരംഗത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് വിശദമാക്കുക.